**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - ആലപ്പുഴ ജില്ല — ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് മുൻ ഹെഡ് ക്ലാർക്ക് ശ്രീ. കെ. വിക്രമൻ നമ്പൂതിരി, മുൻ യു.ഡി. ക്ലാർക്ക് ശ്രീമതി. ജെസ്സി വർഗ്ഗീസ് എന്നിവർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി തീർപ്പാക്കി — ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.237/2019/തസ്വഭവ                    തീയതി, തിരുവനന്തപുരം, 02.02.2019

================================================================

പരാമർശം:
1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 16.08.2010-ലെ ഇ 4-വിഇ 17/08/എഎൽപി)18050/08 നമ്പർ കത്ത്
2. വിജിലൻസ് (ഡി) വകുപ്പിന്റെ 08.09.2010-ലെ 8894/ഡി3/2010/വിജി. നമ്പർ കത്ത്
3. സർക്കാരിന്റെ 18.12.2010-ലെ 69409/ഇപിബി2/2010/തസ്വഭവ നമ്പർ കുറ്റപത്രം
4. ശ്രീമതി. ജെസ്സി വർഗ്ഗീസ് സമർപ്പിച്ച 25.03.2011-ലെ പ്രതിവാദ പത്രിക
5. ശ്രീ. വിക്രമൻ നമ്പൂതിരി സമർപ്പിച്ച 07.04.2011-ലെ പ്രതിവാദ പത്രിക
6. സ.ഉ.(സാധാ) നം.95/2012/തസ്വഭവ തീയതി 10.01.2012
7. ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 30.04.2012-ലെ ഇ 6-5149/07 നമ്പർ കത്ത്
8. സർക്കാരിന്റെ 19.01.2017-ലെ 69409/ഇപിബി2/2010/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്
9. സർക്കാരിന്റെ 07.05.2018-ലെ ഇപിബി2/449/2015/തസ്വഭവ നമ്പർ കത്ത്
10. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 13.06.2018-ലെ എ 1-2/50019/2018/കെ.പി.എസ്.സി. നമ്പർ കത്ത്

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിൽ 2006-07 വർഷത്തിലെ വിവിധ പദ്ധതികളിൽ ക്രമക്കേടുകൾ ഉണ്ടായിട്ടുണ്ടെന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. അന്വേഷണത്തിൽ 2006-07 വർഷത്തിലെ വിവിധ പദ്ധതികൾക്ക് ജില്ലാ പ്ലാനിംഗ് ഓഫീസിൽ നിന്നും അംഗീകാരം വാങ്ങാതെ ജില്ലാ ആസൂത്രണ സമിതിയുടെ സീലും ഫാസിമിലി സിഗ്നേച്ചറും പതിപ്പിച്ച് പദ്ധതികൾ നടപ്പിലാക്കിയെന്നും പ്രസ്തുത ക്രമക്കേടുകൾക്കുത്തരവാദിയായ ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് മുൻ ഹെഡ് ക്ലാർക്ക് ശ്രീ. കെ. വിക്രമൻ നമ്പൂതിരി, മുൻ യു.ഡി. ക്ലാർക്ക് ശ്രീമതി. ജെസ്സി വർഗ്ഗീസ് എന്നിവർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കുവാനും ശുപാർശ ചെയ്യുകയുണ്ടായി. തുടർന്ന് ഹെഡ് ക്ലാർക്ക് ശ്രീ. വിക്രമൻ നമ്പൂതിരി, മുൻ യു.ഡി. ക്ലാർക്ക് എന്നിവർക്കെതിരെ പരാമർശം (3) പ്രകാരം കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ശ്രീമതി. ജെസ്സി വർഗ്ഗീസ്

പരാമർശം (4) പ്രകാരം നൽകിയ പ്രതിവാദപത്രികയിൽ സെക്രട്ടറിയോടൊപ്പം പ്രോജക്ട് ഫയലിൽ ഡിപിസിയുടെ അനുമതി വാങ്ങുന്നതിനുവേണ്ടി പോയിരുന്നുവെങ്കിലും ശ്രീ. വിക്രമൻ നമ്പൂതിരി ഒരു ബദൽ പ്രോജക്ട് തയ്യാറാക്കുകയും അത് ഡിപിസിയുടെ അനുമതി കൂടാതെതന്നെ നടപ്പിലാക്കുകയും ചെയ്തിരുന്നുവെന്നും ആയതിനാൽ പ്രോജക്ട് ഫയലുകൾ തിരികെ നൽകിയില്ല എന്നുള്ള തന്നിൽ ആരോപിച്ച കുറ്റം ശരിയല്ലെന്നും, ശ്രീ. വിക്രമൻ നമ്പൂതിരി പരാമർശം (5) പ്രകാരം സമർപ്പിച്ച പ്രതിവാദപത്രികയിൽ സ്റ്റാന്റിംഗ് കമ്മിറ്റിയും തിരഞ്ഞെടുത്ത ജനപ്രതിനിധികളുമാണ് പ്രോജക്ട് തയ്യാറാക്കുകയും ഡിപിസിയുടെ അംഗീകാരം വാങ്ങിച്ചത് എന്നും ബോധിപ്പിച്ചിട്ടുണ്ട്.

തുടർന്ന് ശ്രീ. വിക്രമൻ നമ്പൂതിരി, ശ്രീമതി. ജെസ്സി വർഗ്ഗീസ് എന്നിവർക്കെതിരെ കഠിനശിക്ഷയുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചതിനാൽ ടിയാളുകൾക്കെതിരായ ആരോപണങ്ങളിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി ഇക്കാര്യത്തിൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പരാമർശം (6) പ്രകാരം ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അന്വേഷണം നടത്തി പരാമർശം (7) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ ശ്രീ. വിക്രമൻ നമ്പൂതിരിയുടെ ഭാഗത്തുനിന്നും സൂപ്പർവൈസറി ലാപ്സ് ഉണ്ടായിട്ടുണ്ടെന്നും ശ്രീമതി ജെസ്സി വർഗ്ഗീസിൽ നിന്നും കൃത്യനിർവ്വഹണത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ടെന്നും അറിയിക്കുകയുണ്ടായി. തുടർന്ന് ശ്രീ. വിക്രമൻ നമ്പൂതിരി 31.05.2014-ൽ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ കെ.എസ്.ആർ. പാർട്ട് 3 ചട്ടം 3 (എ) പ്രകാരം ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം 5 വർഷത്തേയ്ക്ക് കുറവ് വരുത്താൻ താൽക്കാലിക തീരുമാനമെടുത്ത് പരാമർശം (8) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. വിക്രമൻ നമ്പൂതിരി സമർപ്പിച്ച എതിർവാദ പത്രികയിൽ ടിയാനെ നേരിൽ കേൾക്കണമെന്ന് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി ശ്രീ. വിക്രമൻ നമ്പൂതിരിയെ നേരിൽ കേട്ടു.

നേരിൽ കേട്ട വേളയിൽ ശ്രീ. വിക്രമൻ നമ്പൂതിരി കുറ്റപത്രത്തിന് സമർപ്പിച്ച പ്രതിവാദ പത്രികയിലെ വാദങ്ങൾ ആവർത്തിക്കുകയും കൂടാതെ സെക്രട്ടറിയുടെ ഉത്തരവുകൾ അനുസരിക്കുക മാത്രമാണ് താൻ ചെയ്തിട്ടുള്ളതെന്നും ഹെഡ് ക്ലാർക്ക് എന്ന നിലയിൽ മേൽനോട്ടത്തിൽ വീഴ്ച പറ്റിയിട്ടുണ്ടെന്നും തീരപ്രദേശത്തുള്ള വളരെയേറെ തിരക്കുള്ള പഞ്ചായത്തായതിനാൽ ആയത് ജോലിക്കിടെ സംഭവിച്ച വീഴ്ചയാണെന്നും ആയതിനാൽ മാപ്പാക്കണമെന്നും അപേക്ഷിക്കുകയുണ്ടായി.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നടത്തിയ അന്വേഷണ റിപ്പോർട്ടിൽ 2006-07 വർഷം പദ്ധതികൾക്ക് അംഗീകാരം ലഭിക്കാതെ ഡിപിസിയുടെ സീൽ പതിപ്പിച്ച് തിരികെ ഓഫീസിൽ എത്തിച്ച് പ്രവൃത്തികൾ നടപ്പിലാക്കുവാൻ ഇടയായത് ശ്രീ വിക്രമൻ നമ്പൂതിരിയുടെ ഭാഗത്തുനിന്നുണ്ടായ മേൽനോട്ട വീഴ്ചയാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചതിൽ 2006-07 വർഷത്തിലെ വിവിധ പ്രോജക്ടുകൾ നടത്തിപ്പുമായി ബന്ധപ്പെട്ട് 08.03.2007-ൽ ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിൽ പ്രസിഡന്റിന്റെ അധ്യക്ഷതയിൽ കൂടിയ പഞ്ചായത്ത് കമ്മിറ്റിയിൽ പദ്ധതികൾക്ക് ബ്ലോക്ക് ലെവൽ കമ്മിറ്റിയുടെയും ഡിപിസിയുടെയും ടെക്നിക്കൽ സെക്ഷന്റെയും അംഗീകാരം വാങ്ങുന്നതിന് ഹെഡ് ക്ലാർക്കായ ശ്രീ. വിക്രമൻ നമ്പൂതിരി, പ്ലാൻ കോ-ഓർഡിനേറ്ററായ ക്ലാർക്ക് ശ്രീമതി ജെസ്സി വർഗ്ഗീസിനെയുമാണ് ചുമതലപ്പെടുത്തിയിരുന്നത് എന്നാണ് പ്രതിപാദിച്ചിട്ടുള്ളത്. ആയതിനാൽ ഡിപിസിയുടെ അംഗീകാരമില്ലാതെ സീലുകൾ പതിപ്പിച്ച കുറ്റത്തിൽ നിന്ന് ശ്രീ. വിക്രമൻ നമ്പൂതിരിയെ ഒഴിവാക്കുവാൻ സാധിക്കുകയില്ലായെന്നു കണ്ട് ശ്രീ. വിക്രമൻ

നമ്പൂതിരിക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം 5 വർഷത്തേക്ക് കുറവ് വരുത്തുവാനെടുത്ത താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തുന്നതിനു മുമ്പ് ഇക്കാര്യത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം പരാമർശം (9) പ്രകാരം ആരായുകയും പരാമർശം (10) പ്രകാരം കമ്മീഷൻ സർക്കാരിന്റെ ടി തീരുമാനത്തോട് യോജിപ്പ് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിലെ മുൻ ഹെഡ് ക്ലാർക്ക് ശ്രീ. കെ. വിക്രമൻ നമ്പൂതിരിയുടെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം 5 വർഷത്തേക്ക് കുറവ് വരുത്തുക എന്ന താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തിയും, മുൻ യു.ഡി. ക്ലാർക്ക് ശ്രീമതി. ജെസ്സി വർഗ്ഗീസിനെതിരായ അച്ചടക്ക നടപടി ടിയാരിയുടെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ ഒരു വർഷത്തേയ്ക്ക് തടഞ്ഞുകൊണ്ടും അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
അഡീഷണൽ സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
3. ശ്രീ. കെ. വിക്രമൻ നമ്പൂതിരി, മുൻ ഹെഡ് ക്ലാർക്ക്, ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
4. ശ്രീമതി. ജെസ്സി വർഗ്ഗീസ്, മുൻ യു.ഡി. ക്ലാർക്ക്, ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത്
5. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
6. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
7. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
8. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
9. വിജിലൻസ് വകുപ്പ് (യു.ഒ റിമാർക്ക്സ് നം.വിജി-ഡി3/130/2017-വിജി. തീയതി 02.02.2018 പ്രകാരം)
10. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
11. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/449/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ